(സി) നേരിട്ട് നിയമനം നടത്തുന്നതിന് കമ്പനിയിൽ ഇപ്പോൾ എത്ര ഒഴിവുകൾ നിലവിലുണ്ട് ;

(ഡി) ഈ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാതെ അനധികൃതമായി നിയമനം നൽകിക്കൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്ത നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ?

ഉത്തരം

(എ) കെ.എസ്.ഇ.ബി.എൽ.-ലെ ജീവനക്കാരുടെ നേരിട്ടുള്ള നിയമനം കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയാക്കി സർക്കാർ 14-8-2014-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) 1967 മുതൽ കെ.എസ്.ഇ.ബി. ജീവനക്കാരുടെ നേരിട്ടുള്ള നിയമനം കെ.പി.എസ്.സി. വഴിയാണ് നടത്തുന്നത്. കമ്പനി ആയി രജിസ്റ്റർ ചെയ്ത ശേഷവും നേരിട്ടുള്ള നിയമനങ്ങൾ കെ.പി.എസ്.സി. വഴി നടത്തിവരുന്നു.

(സി) 1391 ഒഴിവുകൾ.

(ഡി) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ അനധികൃത നിയമനം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കെ.എസ്.ഇ.ബി.

14 (381) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കെ.എസ്.ഇ.ബി. ഇപ്പോൾ ലാഭത്തിലാണോ പ്രവർത്തിച്ചുവരുന്നത് എന്ന് വ്യക്തമാക്കാമോ ; ബോർഡിന് നിലവിലുള്ള കടബാധ്യതകൾ വെളിപ്പെടുത്താമോ ?

ഉത്തരം

ലാഭത്തിലല്ല. 2014-15 സാമ്പത്തിക വർഷത്തെ ബോർഡിൽ സമർപ്പിച്ച താൽക്കാലിക കണക്കുപ്രകാരം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ നഷ്ടം 1272.90 കോടി രൂപയാണ്. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ നിലവിലുള്ള (23-11-2015-ലെ) കടബാദ്ധ്യതകൾ ചുവടെ ചേർക്കുന്നു:

ഓവർ ഡ്രാഫ്റ്റ്	-	1635.70 കോടി രൂപ
ഹ്രസ്വകാലവായ്പ	-	2500.00 കോടി രൂപ
മദ്ധ്യകാല വായ്പ	-	313.89 കോടി രൂപ
ദീർഘകാലവായ്പ	-	1455.52 കോടി രൂപ
ആകെ	-	5905.11 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly